# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 767 — 07.02.2013-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സ്കൂൾ ഹെൽത്ത് പ്രോജക്ട് സംസ്ഥാനത്തെ എല്ലാ സ്കൂളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അതിനായി എത്ര തുക അനുവദിച്ചു എന്ന് വെളിപ്പെടുത്താമോ ; | (എ) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംസ്ഥാനത്തെ എല്ലാ സ്കൂളിലും ഈ (2012-13) അധ്യയന വർഷം മുതൽ നടപ്പിലാക്കി വരുന്നു. ഇതിനായി 2012-13 - ൽ 577.49 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) സ്കൂൾ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കുന്നതിനായി ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; പ്രസ്തുത ഏജൻസി ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ; | (ബി) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെയും, ഹെൽത്ത് സർവീസസ് വകുപ്പിന്റെയും ആഭിമുഖ്യത്തിലാണ് സ്കൂൾ ഹെൽത്ത് പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. പുതുതായി പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിൽ ആരോഗ്യപ്രവർത്തകർക്കുള്ള പരിശീലനം പൂർത്തിയായി വരുന്നു. സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ, ഡയറി തുടങ്ങിയവയുടെ പ്രിന്റിംഗ് പൂർത്തിയായി. സ്കൂളുകൾക്കാവശ്യമായ ചികിത്സാ ഉപകരണങ്ങൾ അടങ്ങുന്ന കിറ്റ് വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പ്രസ്തുത സ്കൂളുകളിൽ ആരോഗ്യപ്രവർത്തകർ മുഖേനയുള്ള ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ നടന്നുവരുന്നു. കൂടാതെ പഞ്ചായത്ത് അടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടപ്പിലാക്കാനും ഉദ്ദേശിക്കുന്നു. |
| (സി) സംസ്ഥാനത്തെ എല്ലാ സ്കൂൾ വിദ്യാർത്ഥികൾക്കും ഹെൽത്ത് കാർഡ് നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; നിലവിൽ സംസ്ഥാനത്തെ ഏതെങ്കിലും അസംബ്ലി മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ? | (സി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിൽ 2 സ്കൂളുകളിൽ വീതമാണ് പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. ഈ സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും ഹെൽത്ത് കാർഡ് നൽകി കഴിഞ്ഞു. ഈ അധ്യയന വർഷം പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകളിലെ കുട്ടികൾക്ക് ഹെൽത്ത് കാർഡ് നൽകുന്ന നടപടി അടുത്ത അധ്യയന വർഷം പൂർത്തിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ